# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## യു.പി.എസ് നെടുമ്പന



# അക്കാദമിക മാസ്റ്റർ പ്ലാൻ - 2025

| | | |
|---|---|---|
| Name of school | : | UPS Nedumpana |
| Type of school | : | Aided |
| School code | : | 41655 |
| District | : | Kollam |
| Sub district | : | Kundara |
| B.R.C | : | Kundara |
| C.R.C | : | Govt.L.P.S Muttakavu |
| Panchayath | : | Nedumpana |
| Block | : | Mukhathala |
| Post office | : | Nedumpana |
| Pin code | : | 691576 |

## സ്കൂൾ വിവരങ്ങൾ

- റവന്യൂ ജില്ല — കൊല്ലം
- സ്കൂൾ കോഡ് — 41655
- സ്കൂളിൻറെ പേര് — യുപിഎസ് നെടുമ്പന
- മേൽവിലാസം — നെടുമ്പന പി ഒ കൊല്ലം
- പിൻകോഡ് — 691576
- ഈമെയിൽ അഡ്രസ് — 41655kundara@gmail.com
- ഗ്രാമപഞ്ചായത്ത് — നെടുമ്പന
- BRC — കുണ്ടറ
- CRC — മുട്ടയ്ക്കാവ്
- വിദ്യാഭ്യാസ ജില്ല — കൊല്ലം
- സബ്ജില്ല — കുണ്ടറ
- ക്ലാസ്സുകൾ — അഞ്ചു മുതൽ ഏഴ് വരെ
- മാനേജ്മെൻറ് — സ്വകാര്യം
- പഠന മാധ്യമം — മലയാളം
- അധ്യാപകരുടെ എണ്ണം — 6
- കുട്ടികളുടെ എണ്ണം — 59

## TOTAL NUMBER OF STUDENTS

| Standard | Boys | Girls | Total |
|---|---|---|---|
| V | 8 | 9 | **17** |
| VI | 8 | 6 | **14** |
| VII | 13 | 15 | **28** |
| **Total** | **29** | **30** | **59** |

## STAFF DETAILS

H.M - Susan George

UPSA - Mini M A

Valsala Kumari M S

Hindi - Sreekumar M P

Sanskrit - P L Heman

Urdu - Jayasree G R

Office Assistant- Shyma A

**Total staff - 7**

# ആമുഖം

പൊതുവിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ 2025 - 26 അക്കാദമികവർഷം സമഗ്ര ഗുണമേന്മാവർഷമായി ഓരോ കുട്ടിയും അതാത് ക്ലാസിൽ നേടണമെന്ന് പാഠ്യപദ്ധതി വിഭാവനം ചെയ്ത പാഠ്യ ലക്ഷ്യങ്ങൾ ആർജ്ജിച്ച് മുന്നേറണം .കുട്ടികളുടെ സമഗ്ര വികസനത്തിന് അനുഗുണമായ പ്രവർത്തനങ്ങളോടൊപ്പം ഓരോ കുട്ടിയുടെയും അറിവും കഴിവും അതാത് പ്രായത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഏറ്റവും മികവാർന്ന തലത്തിലേക്ക് വികസിപ്പിക്കേണ്ടതുണ്ട് .

അക്കാദമിക ആസൂത്രണത്തിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിന് അഭികാമ്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയും .

പി ടി എ ജനപ്രതിനിധികൾ,അധ്യാപകർ, എന്നിവരുടെ പങ്കാളിത്തത്തോടെ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നു.

# വിദ്യാലയ ചരിത്രം

1908 ൽ കൊച്ചു കളീയ്ക്കൽവീട്ടിൽ നാരായണപിള്ള എന്ന ഈ നാടിന്റെ ഗുരുനാഥൻ തെളിയിച്ച ഭദ്രദീപം അകാലത്തിൽ ഉണ്ടായ പ്രകൃതി ദുരന്തത്തിൽ പൊലിഞ്ഞെങ്കിലും 1925 മിന്നുകാട്ടുവിള വീട്ടിൽ കേശവപിള്ള എന്ന മഹത്വ്യക്തിയിലൂടെ ഉയർത്തെഴുന്നേൽക്കുകയുണ്ടായി. ഒരു ത്യാഗ മനോഭാവം കൂടി ഒത്തിണങ്ങിയപ്പോൾ ഈ പ്രദേശത്തെ ആദ്യകാല വിദ്യാലയം പുനർജനിച്ചു.

2/9/1963 ൽ ലോവർപ്രൈമറിവിഭാഗം സർക്കാരിലേക്ക് അടർത്തി മാറ്റിയെങ്കിലും ടി യാന്റെ മകൻ കെ.ആർ പരമേശ്വരൻ പിള്ളയുടെ നേതൃത്വത്തിൽ നെടുമ്പനയുടെ സ്വന്തം യുപിഎസിന് ഓജസ്സും തേജസ്സും കൈവരികയായിരുന്ന സ്വതസിദ്ധമായ ഇച്ഛാശക്തിയും ബഹുവിധ വൈഭവങ്ങളും ഒത്തിണങ്ങിയപ്പോൾ പല വെല്ലുവിളികളെയും അതിജീവിച്ച് ദശകങ്ങൾ താണ്ടി സംഭവബഹുലമായ ചരിത്രങ്ങൾ പിന്നിട്ട് ജനസഹസ്രങ്ങൾ നെഞ്ചിലേറ്റി താലോലിക്കുന്ന നെടുമ്പനയുടെ സ്വന്തം യുപിഎസ് . ആധുനികതയുടെ പൊള്ളയായ മൂടുപടം അണിയാൻ അറച്ച് പഴമയുടെ പെരുമ നിലനിർത്താൻ ശ്രമിച്ചു പോരുന്നു.

കുട്ടികളുടെ സർവ്വാത്മകമായ വികാസം ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളിലൂടെഅവരുടെ ഹൃദയവികാസത്തിന്കാരണമായസ്നേഹം,ദയ,ക്ഷമ, വിനയംസൗന്ദര്യബോധം,നർമ്മബോധം,ബഹുമാനം,സേവനമനോഭാവം,സഹജീവി കളോട് കരുണ,പരിശുദ്ധി,സത്യസന്ധത,തുടങ്ങിയ ഗുണങ്ങൾ വളർത്തി പരിപൂർണ്ണമായ വികസനം ലക്ഷ്യമിട്ടു കൊണ്ടുള്ള പ്രവർത്തനങ്ങൾ ആണ് നെടുമ്പന യുപിഎസ് നാളിതുവരെ നടപ്പിലാക്കി വരുന്നത് .

## സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പ്രതീക്ഷിക്കുന്ന പ്രധാനപ്പെട്ട പൊതു ലക്ഷ്യങ്ങൾ

- അഞ്ചു മുതൽ ഏഴുവരെയുള്ള ഓരോ ക്ലാസിലും കുട്ടി പ്രതീക്ഷിത നിലവാരത്തിലുള്ള ധാരണകളും ശേഷികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക .ഒപ്പം മതനിരപേക്ഷ ജനാധിപത്യസംസ്കാരം അടക്കമുള്ള സാമൂഹിക മൂല്യങ്ങൾ വികസിപ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കുക
- ഭാഷാശേഷിവികസനം
- ഗണിതശേഷിവികസനം
- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
- വായന ശേഷി വർദ്ധിപ്പിക്കൽ
- ശാസ്ത്രപരിപോഷണപരിപാടി
- ലബോറട്ടറി നവീകരണം പ്രതിഭാ പോഷണം പരിപാടി
- ലൈബ്രറി ശാക്തീകരണം
- സ്കോളർഷിപ്പ് പരീക്ഷ പരിശീലനം
- പഠനയാത്രകൾ
- സ്കൂൾ പത്രം മാസിക
- അധ്യാപക ശാക്തീകരണം
- പ്രവർത്തിപരിചയ പരിശീലനം
- പച്ചക്കറി തോട്ടം
- JRC [Junior Red Cross] ; മാതൃഭൂമി SEED

അഞ്ചുമുതൽ ഏഴ് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ അറിവും കഴിവും ധാരണകളും എത്രമാത്രം പ്രായാനുസൃതമായ വികസിക്കണം എന്നത് പാഠ്യപദ്ധതിയിൽപ്പെടുത്തിയിട്ടുണ്ട് .അവ സമയബന്ധിതമായി പ്രവർത്തനങ്ങളിലൂടെ നേടുന്നു എന്ന് ഉറപ്പുവരുത്തുക.

- സമഗ്ര പഠന പുരോഗതി രേഖ തയ്യാറാക്കി ഓരോ കുട്ടിയും മികവിന്റെ ഉടമകൾ ആകുന്നു എന്ന് രക്ഷകർത്താക്കളെയും പൊതുസമൂഹത്തെയും ബോധ്യപ്പെടുത്തുക.
- മൂല്യനിർണയ രീതി ശാസ്ത്രം കാര്യക്ഷമമാക്കുക പരിഷ്കരിക്കുക.

# കാഴ്ചപ്പാടും പ്രവർത്തന ദിശയും

- **2025- 2026** സമഗ്ര ഗുണമേന്മ വർഷമായതിനാൽ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപിലാക്കുന്നു .
- കുട്ടികളുടെ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ്പഠനപ്രവർത്തനങ്ങളും പദ്ധതികളും ആസൂത്രണം ചെയ്ത് എല്ലാ കുട്ടികളെയുംപങ്കെടുപ്പിക്കുന്നു.
- പ്രകൃതിയോടും കൃഷിയോടും ആഭിമുഖ്യം വളർത്തുന്ന തരത്തിൽ സ്കൂൾ പച്ചക്കറി കൃഷിത്തോട്ടം ഔഷധത്തോട്ടനിർമ്മാണം എന്നിവയിൽകുട്ടികളെ പങ്കാളികളാക്കുക.
- ശാസ്ത്രമേളകൾ ,കലോത്സവങ്ങൾ ,എന്നിവയിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നതിന്ക്ലാസ്സ്റൂം പ്രവർത്തനങ്ങളിലും ക്ലബ്ബ്പ്രവർത്തനങ്ങളിലും കൂടുതൽ പരിശീലനം നൽകുക.
- സ്കോളർഷിപ്പുകൾ,മത്സരപരിക്ഷകൾ എന്നിവയിൽ വിജയികളാകുന്നതിന് പ്രത്യേക പരിശീലനം.
- മാതൃഭൂമി സീഡ് പദ്ധതിയുമായി ബന്ധപെടുത്തി മാലിന്യങ്ങളെ തരംതിരിച്ച് വേർതിരിക്കൽ.
- ഭാഷാ വിഷയങ്ങളിൽഉച്ചാരണശുദ്ധിയോടെ വായിക്കാനുംഅക്ഷരശുദ്ധിയോടെ എഴുതാനും പ്രാപ്തരാക്കുക.
- ജൂനിയർ റെഡ്ക്രോസ്സ്.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികളും പരിമിതികളും

- സ്കൂൾ ക്യാച്ച്മെന്റ് ഏരിയയിലെ മുഴുവൻ കുട്ടികളെയും ആകർഷിക്കുന്നതിന് തടസ്സം നേരിടുന്നു.
- പരിസരത്തുള്ളതും അല്ലാത്തതുമായ മറ്റു സ്കൂളുകളുടെ കടന്നുകയറ്റം
- സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങളുടെ അഭാവം

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല -യുപി മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസിപ്പിക്കൽ അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മക രചനകൾ വികസിപ്പിക്കാനും ഉള്ള അവസരം നൽകുന്നു | ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു പതിപ്പുകൾ മാഗസിനുകൾ കഥ കവിത യാത്രാനുഭവം ആസ്വാദനക്കുറിപ്പ് അനുഭവക്കുറിപ്പ് അവതരിപ്പിക്കുന്നു അക്ഷരങ്ങളും പദങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡ് ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം | ജൂൺ | അധ്യാപകർ | |
| പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പുവരുത്തുക | പത്രം മാസികകൾ ലൈബ്രറി പുസ്തകങ്ങൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉയർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുക | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |

| | | | | |
|---|---|---|---|---|
| പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | ദിനാചരണങ്ങളുമായി സ്കിറ്റ് തയ്യാറാക്കൽ അവതരിപ്പിക്കൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ എന്നിവ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| സാഹിത്യ അഭിരുചി വളർത്തുന്ന പ്രവർത്തനങ്ങൾ | കഥ കവിത തുടങ്ങിയ സാഹിത്യ ശാഖകൾ പരിചയപ്പെടുത്തൽ ശില്പശാല സംഘടിപ്പിക്കൽ പതിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തൽ | ജീവചരിത്രകുറിപ്പ് ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | | അധ്യാപകർ | |
| ഭാഷാ ലാബ് | വിവിധ കലാരൂപങ്ങൾ പരിചയപ്പെടുത്തൽ | | അധ്യാപകർ | |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026
## മേഖല : ഉറുദു
## വിഭാഗം : യു.പി

പൊതുലക്ഷ്യങ്ങൾ

- ഉറുദു ഭാഷാപഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദനപഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം ഒരുക്കുക
- ഉർദു ഭാഷാപഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ ആർജിക്കുക
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്തു സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉർദു ഭാഷാപഠനത്തിലൂടെ ഭരണഘടനാ മുന്നോട്ടുവയ്ക്കുന്ന ജനാധിപത്യ മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- ഉർദു ഒഴുക്കോടെ വായിക്കാനും എഴുതാനുമുള്ള ശേഷി നേടിയെടുക്കുക.
- ഉർദു ഭാഷയെക്കുറിച്ചു സാമാന്യ അവബോധം വളർത്തിയെടുക്കുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.
- സഭാകമ്പമില്ലാതെ തന്റെ കഴിവുകൾ പ്രകടിപ്പിക്കുവാനും അവതരിപ്പിക്കാനുമുള്ള അവസരങ്ങൾ ഒരുക്കുക.

| Sl No | പ്രവർത്തനം | പ്രവർത്തനഘട്ടങ്ങൾ | കാലയളവ് | ചുമതല | ഫണ്ട് |
|---|---|---|---|---|---|
| 1 | പഢേം ആഗേ ബഢ്<br>ഉർദു വായന | അക്ഷരങ്ങൾ കുട്ടികളിൽ ഉറയ്ക്കുന്നതിനു അക്ഷര കാർഡുകൾ ചേർത്തുവെച്ചു അക്ഷരമരം നിർമിച്ച നിരന്തര പഠനത്തിന് അവസരം ഒരുക്കുന്നു | June – March | ഉർദു അധ്യാപിക | |
| 2 | നിത്യോപയോഗ സാധനങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, പൂക്കൾ ഇവയുടെ പേരുകൾ ഹിന്ദി ഭാഷയിലൂടെ പരിചയപ്പെടാനും പറയുവാനും അവസരം ഒരുക്കൽ. മേരേ അൽഫാസ് | പദപരിചയം ഹിന്ദി ഭാഷയിലൂടെ കുട്ടികൾക്ക് നിറങ്ങൾ, പക്ഷികൾ, മൃഗങ്ങൾ, സാധനങ്ങൾ, പൂക്കൾ, പഴങ്ങൾ ഇവയുടെ പേരുകൾ ചിത്രങ്ങൾ കണ്ടു പരിചയപ്പെടാനും നിരന്തരംപറയുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു. | June – March | ഉർദു അധ്യാപിക | |
| 3 | ഉർദു അസംബ്ലി<br>ഏക് ദിൻ ഏക് ലഫ്സ് | എല്ലാ ദിവസവും ഓരോ ഉർദു പദം വീതം കുട്ടികൾക്ക് പരിചയപ്പെടാൻ അവസരം ഒരുക്കുക.<br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് അസംബ്ലി. | June – March | ഉർദു അധ്യാപിക | |
| 4 | ഹമാരി സബാൻ<br>ഉർദു ദിനം | ടാലന്റ് മീറ്റ് വായന കാർഡുകൾ വർക്ഷീറ്റുകൾ ചിത്രകാർഡുകൾ. | Nov 9<br>Term | ഉർദു അധ്യാപിക | |
| 5 | വായനാ ശാക്തീകരണം | കുട്ടിവായന<br>ക്വിസ് മത്സരങ്ങൾ | June – March | ഉർദു അധ്യാപിക | |
| 6 | ഭാഷാശേഷി ഭാഷ കേൾക്കാനും ആസ്വദിക്കാനുമുള്ള അവസരം ഒരുക്കൽ | കവിതകൾ, ഗസലുകൾ, സംഭാഷണങ്ങൾ,കഥകൾ ICT സഹായത്തോടെ കേൾക്കാനും ആസ്വദിക്കാനും അവസരം ഒരുക്കുക. | മാസത്തിൽ ഒരു പിരീഡ് | ഉർദു അധ്യാപിക | |
| 7 | കയ്യെഴുത്ത് മാഗസിൻ | രചനശേഷി:<br>വർണചിത്രങ്ങളുടെ സഹായത്തോടെ അവ തിരിച്ചറിയുന്നതിനും പതിപ്പുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും അവസരം ഒരുക്കുക. | Term | ഉർദു അധ്യാപിക ക്ലബ് | |

| | | | | | |
|---|---|---|---|---|---|
| 8 | തലാഷ് | പ്രാദേശിക പഠനയാത്രകൾ പ്രകൃതിയുമായി ചേർന്ന് നിന്നുകൊണ്ട് സംഘടിപ്പിക്കുന്നു | | ഉർദു അധ്യാപിക ക്ലബ്ബ് | |
| 9 | e-ദുനിയ ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. വായന കാർഡ് തയ്യാറാക്കൽ. | June – March ആഴ്ചയിൽ ഒരു പിരിഡ് | ഉർദു അധ്യാപിക | |
| 10 | തൊഴിൽ നൈപുണി | കുട്ടികളിൽ തൊഴിൽ നൈപുണി വളർത്തുന്നതിനുവേണ്ടി വിവിധ പരിശീലനങ്ങൾ സംഘടിപ്പിക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു അധ്യാപിക ക്ലബ്ബ് | |
| 11 | ഏക് ദിൻ ഏക് ലഫ്സ് | പദസമ്പത്ത് വർദ്ധിപ്പിക്കുന്നതിനു ഓരോ ദിവസവും അസ്സംബ്ലിയിൽ ഓരോ ഉർദു പദം പരിചയപ്പെടുത്തുന്നു. | June to March | ഉർദു ക്ലബ്ബ് | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

മേഖല – അക്കാദമികം

ഉപമേഖല: സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപകരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ<br>വീഡിയോകൾ<br>ചിത്രങ്ങൾ<br>etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിത്രഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# ACADEMIC MASTER PLAN
# ENGLISH

| Aim | Activity | Time | Duties | Financial |
|---|---|---|---|---|
| To develop listening skills | • Action song<br>• Engage in 'Hello English' activities.<br>• Engage in language games<br>• conversation<br>• Role play | June-March | English Club | |
| To develop speaking skills | • Conduct English assembly<br>• Book review<br>• Riddles<br>• Growing sentences<br>• School radio<br>• Conducting debate | June-March | English Club | |
| To develop reading skills | • Reading newspaper<br>• Showing word cards<br>• Conducting english book exhibition<br>• Introducing English library<br>• Conducting book reading competition | June-March | English Club | |

| | | | | |
|---|---|---|---|---|
| To develop writing skills | • Developing story<br>• Word chain<br>• Magazine<br>• Engaging in making word Web<br>• Making dictionary<br>• Picture description | June-March | English Club | |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025 – 2026

മേഖല : ഹിന്ദി

വിഭാഗം : യു.പി

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | | |
|---|---|---|---|---|
| 1 | 5,6,7ക്ലാസ് അക്ഷരബോധം ഉറപ്പിക്കൽ പദങ്ങളും ആശയങ്ങളുംഉറപ്പിക്കൽ | അക്ഷരങ്ങൾ ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിന് അക്ഷരകാർഡ്, വാക്കുകൾ എഴുതിയ കാർഡ്, അക്ഷരമാല പ്രദർശനം, പദനിർമാണം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ അക്ഷരങ്ങളും പദങ്ങളും വാക്യങ്ങളും ഉറയ്ക്കാനാവസരം ഒരുക്കുന്നു. | June - August | ഹിന്ദി അധ്യാപകൻ |
| 2 | വീട്, സ്കൂൾ ഒരു പരീക്ഷണശാല- കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ പഠിക്കാനാവസരം ഒരുക്കുന്നു. | നിത്യോപയോഗ സാധനങ്ങളുടെ പേരുകൾ, ഗൃഹോപകരണങ്ങൾ, സ്കൂൾ-മായി ബന്ധപ്പെട്ട പദങ്ങൾ നിരന്തരം എഴുതാനും പറയാനും അവസരം ഒരുക്കുന്നു. ICT സഹായത്തോടെ വാക്കുകൾ കേൾക്കാൻ അവസരം ഒരുക്കുന്നു. CWSN കുട്ടികൾക്ക് ചിത്രങ്ങളിലൂടെ പറയാൻ അവസരം ഒരുക്കുന്നു | June - Nov | ഹിന്ദി അധ്യാപകൻ |
| 3 | ആശയവിനിമയശേഷി മെച്ചപ്പെടുത്തുക | ഹിന്ദി സംസാരിക്കുന്നതിനുള്ള അവസരം ക്ലാസ്സ്റൂം പ്രവർത്തനങ്ങളിൽ ഉൾപെടുത്തുക. Role play Skit കൾ സംഘടിപ്പിക്കുക. | July - February | ഹിന്ദി അധ്യാപകൻ |
| 4 | സ്വതന്ത്രവായന ക്ലബ് പ്രവർത്തനം | സ്വതന്ത്രവായനക്ക് അവസരം ഒരുക്കുന്നു. കവിതകൾ, കഥകൾ വായന കാർഡുകൾ ഇവ നൽകി വായനയെ പ്രോത്സാഹിപ്പിക്കുന്നു. ക്ലബ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നു. | July- March | ഹിന്ദി അധ്യാപകൻ |
| 5 | സാങ്കേതികവിദ്യാ സാധ്യതകൾ- ഭാഷാവികാസത്തിന് അവസരം ഒരുക്കൽ | ഹിന്ദി പഠനത്തിനുള്ള പുതുതന്ത്രങ്ങളും സങ്കേതങ്ങളും വികസിപ്പിക്കുക. സാങ്കേതിക വിദ്യാസാധ്യതൾ പ്രയോജനപ്പെടുത്തിയുള്ള പഠനം സാധ്യമാക്കുന്നു.കവിതകളും കഥകളും സംഭാഷണങ്ങളും കേൾക്കാനാവസരം ഒരുക്കുന്നു | July August - February | ഹിന്ദി അധ്യാപകൻ |
| 6 | ഹിന്ദി എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുക. | സർഗാത്മക രചനകൾ നടത്തുന്നതിന് [കഥ,കവിത] അവസരം ഒരുക്കുന്നു | ,, | ,, |

ഉപമേഖല -യുപി ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | |
|---|---|---|---|---|
| അടിസ്ഥാന ഗണിതക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാനക്രിയ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ഗണിത ലാബ് സജ്ജമാക്കൽ വർക്ക് ഷീറ്റുകൾ നൽകി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു മിടുക്കരായ കുട്ടികളെ ഉൾപ്പെടുത്തി ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |
| ഗണിതം മധുരമാക്കൽ | ഗണിത പാർക്ക് ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് സജ്ജമാക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപികയും പഠനത്തിൽ മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് സഹായിച്ച് പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ മുതൽ മാർച്ച് വരെ | | |
| ഗണിത ക്ലിനിക്ക് | ഏറ്റവും മികച്ച വിദ്യാർത്ഥികളെയും അധ്യാപകരെ ഉപയോഗപ്പെടുത്തി ഗണിത ക്ലിനിക്ക് സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |
| ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ക്രിയകൾ തുടങ്ങിയ പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എളുപ്പത്തിൽ എത്തിക്കുന്നു . | ജൂൺ മുതൽ മാർച്ച് വരെ | | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ് ആർ ജി രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ രചനാത്മകത വർദ്ധിപ്പിക്കൽ | ഗണിത മാഗസിൻ തയ്യാറാക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഗണിത അധ്യാപിക | |

## മേഖല -യു പി സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന തല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽനേടിയെടുക്കൽ | കളിയിൽ നിന്ന് കാര്യത്തിലേക്ക്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിക്ഷിക്കുന്നതിന് പ്രഹേളികകൾ ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | നദികൾ ഭൂപ്രകൃതി തലസ്ഥാനങ്ങൾ വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ഐസിടി സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു ചരിത്രാന്വേഷണ യാത്രകൾ പ്രാദേശിക ഭൂപടം തയ്യാറാക്കൽ. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക. | വിദ്യാലയത്തിൽ നിന്ന് ജനാധിപത്യത്തിലേക്ക് ഗ്രാമസഭ വാർഡ്സഭഎന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെഅടിസ്ഥാനതലം മനസ്സിലാക്കുന്നു ജനാധിപത്യസംവിധാനത്തിന്റെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടുത്തുന്നതിന്അവസരം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ഒരുക്കുന്നു.ജനാധിപത്യ രീതിയിൽ സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തുന്നു. | | | |
| പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക. | ഭൂകമ്പം,സുനാമി,കൊടുങ്കാറ്റ് ,വെള്ളപ്പൊക്കം ഉരുൾപൊട്ടൽഎന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനാസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസ്സുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന്പഠിതാക്കളെബോധവാന്മാരാക്കുകയും ചെയ്യുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സമഭാവം വളർത്തി എടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു | നന്മയുടെകൈത്താങ്ങ് കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിതപ്രദേശങ്ങളിൽ പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു മിതവ്യയം ശീലത്തിന്റെ ഭാഗമായി | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | കുട്ടികൾസ്വരൂപിച്ചസാധന സാമഗ്രികൾദുരിതബാധിത പ്രദേശങ്ങളിൽആശ്വാസമായി എത്തിക്കുന്നു. | | | |
| വിവര വിനിമയ സാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെ കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ച് റോഡ് സുരക്ഷയെ കുറിച്ചും വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നു. | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ സൈബർ കുറ്റകൃത്യം പോക്സോ എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നു | പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നു കാവുകൾ തണ്ണീർത്തടങ്ങൾ കണ്ടൽക്കാടുകൾ ജലാശയങ്ങൾ എന്നിവ സന്ദർശിച്ച് സർവ്വേ നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രവിഷയത്തിലൂടെ പഠിതാക്കളെഅന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | സ്കോളർഷിപ്പ് പരീക്ഷകളിലും മത്സര പരീക്ഷകളിലും ഉന്നത വിജയം കരസ്ഥമാക്കുവാൻ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ക്വിസ് മത്സരങ്ങളും പത്രം മാഗസിൻ എന്നിവയുടെ വായന പരിപോഷണത്തിനും പ്രത്യേക സമയം കണ്ടെത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN

## മേഖല യുപി സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | നിശാഗന്ധി –ജൈവവൈവിധ്യ പാർക്ക് ഔഷധത്തോട്ടം, പച്ചക്കറിത്തോട്ടം എന്നിവയുടെ നിർമ്മാണം. | | | |
| | **പരീക്ഷണ കളരി** നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു പരീക്ഷണഗ്രൂപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു തുടർന്ന് പരീക്ഷണ ചിത്രം വരയ്ക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക ആധുനിക ശാസ്ത്രഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക | **ശാസ്ത്ര വിസ്മയ ചുമർ** ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട ശാസ്ത്ര വിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകർ | |
| | **മുഖാമുഖം** ശാസ്ത്രമേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന | | | |

| | | | | |
|---|---|---|---|---|
| | ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം ഒരുക്കുന്നു ശാസ്ത്ര ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നു | | | |
| ശാസ്ത്ര പഠനത്തിൽ മികവ് പുലർത്താനും അവ പ്രദർശിപ്പിക്കാൻ കുട്ടികളെ പ്രാപ്തരാക്കുക | ക്ലാസ് മുറികളിൽ സയൻസ് കോർണർ രൂപീകരിക്കും | യഥാസമയം | ക്ലാസുകളിലെ ഗ്രൂപ്പ് ലീഡർ | സയൻസ് ക്ലബ്ബ് |
| കുട്ടികളിൽ ഗവേഷണ താൽപര്യം വർദ്ധിപ്പിക്കുക | ക്ലാസ് അടിസ്ഥാനത്തിൽ ഗവേഷണ പ്രോജക്ടുകൾ വിഷയാധിഷ്ഠിതമായി തയ്യാറാക്കാൻ കുട്ടികളെ പ്രാപ്തരാക്കും | ടേമിൽ ഒന്നു വീതം | സയൻസ് ടീച്ചർ | |
| പഠനനിലവാരം മെച്ചപ്പെടുത്തേണ്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകി ഉയർത്തിക്കൊണ്ടു വരിക അതിനായി പരമാവധി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക | എല്ലാത്തരത്തിലും ഉള്ള സാധ്യതകൾ ഉപയോഗപ്പെടുത്തി ശ്രദ്ധ പാഠ്യപദ്ധതിയിലൂടെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തും തുടർന്നുള്ള ക്ലാസുകളിൽ ഇത്തരം പ്രവർത്തനങ്ങൾ ഉറപ്പാക്കും | വർഷം തോറും | സയൻസ് ടീച്ചർ | |